**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5564** **15-03-2023 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിലെ ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; | (എ) | വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, തൊഴിൽ നൈപുണി വികസന പദ്ധതികൾ, അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി ജൻവികാസ് കാര്യക്രം എന്നി വിഭാഗങ്ങളായിട്ടാണ് ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. വിശദാംശങ്ങൾ അനുബന്ധം -1 ആയി ചേർക്കുന്നു. |
| (ബി) | ഇതിൽ അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതികൾ ഉണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികൾക്കായി സമർപ്പിക്കേണ്ട രേഖകൾ, നടപടിക്രമങ്ങൾ എന്നിവ വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. നിർധനരായ ന്യൂനപക്ഷ മതവിഭാഗത്തിലെ വിധവകൾക്കുള്ള ഭവന പുനരുദ്ധാരണ പദ്ധതി, ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ളവിതരണ പദ്ധതി-എന്നീ പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ്. പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം അടിസ്ഥാന സൗകര്യ വികസനത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. പ്രസ്തുത പദ്ധതികൾക്കായി സമർപ്പിക്കേണ്ട രേഖകൾ, നടപടിക്രമങ്ങൾ എന്നിവ അനുബന്ധം -2 ആയി ചേർക്കുന്നു. |
| (സി) | കുറ്റ്യാടി മണ്ഡലത്തിൽ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ? | (സി) | നിലവിൽ കുറ്റ്യാടി മണ്ഡലത്തിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഒന്നും വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

## ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ

### I. സ്കോളർഷിപ്പ് പദ്ധതികൾ

1.ന്യൂനപക്ഷ മതവിഭാഗങ്ങളിലെ കുട്ടികൾക്ക് വേണ്ടിയുള്ള സി.എ/ സി.എം.എ/ സി.എസ് സ്കോളർഷിപ്പ് സ്കീം

2. യു.ജി.സി/സി.എസ്.ഐ.ആർ-നെറ്റ് കോച്ചിംഗ് സ്കീം.

3. എൻ.റ്റി.എസ് കോച്ചിംഗ് സ്കീം.

4. ജിഎസ്.ടി പിജി ഡിപ്ലോമ പഠിക്കുന്ന വിദ്യാർത്ഥികൾക്ക്

സ്കോളർഷിപ്പ്

5. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ് .

6.സിവിൽ സർവ്വീസ് ഫീറീഇംബേഴ്സെന്റ് സ്കീം.

7.വിദേശ ഉപരിപഠനത്തിന് വിദ്യാർത്ഥികൾ എടുക്കുന്ന വിദ്യാഭ്യാസ വായ്പയുടെ പലിശ സ്കോളർഷിപ്പായി അനുവദിക്കുന്ന പദ്ധതി.

8.ഡോ.എ.പി.ജെ.അബ്ദുൽ കലാം സ്കോളർഷിപ്പ് സ്കീം (സർക്കാർ/എയ്ഡഡ് പോളി ടെക്നിക്കുകളിൽ 3 വർഷ ഡിപ്ലോമ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്)

9.മദർ തരേസ സ്കോളർഷിപ്പ് സ്കീം (നഴ്സിംഗ് ഡിപ്ലോമ/പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി)

10). സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് സ്കീം(Non Plan)

11. ഉർദു സ്കോളർഷിപ്പ് അവാർഡ് സ്കീം(Non Plan)

### II. തൊഴിൽ നൈപുണി വികസന പദ്ധതികൾ,

1. അംഗീകാരമുള്ള പ്രൈവറ്റ് ഐ.റ്റി.ഐകളിൽ പഠിക്കുന്ന ന്യൂനപക്ഷ മത വിഭാഗങ്ങളിലെ കുട്ടികൾക്കുള്ള ഫീ-റീഇംബേഴ്സ്മെന്റ് സ്കീം

2.. ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് (പത്താംതരവും, പ്ലസ്ടുവും) വേണ്ടിയുള്ള കരിയർ ഗൈഡൻസ് പരിശീലന പരിപാടി.

3. വിവാഹിതരും, വിവാഹ ജിവിതത്തിലേക്ക് പ്രവേശിക്കാൻ

തയ്യാറെടുക്കുന്നവരുമായ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട യുവതീ-യുവാക്കൾക്ക് കൗൺസലിംഗ് - പാത്ത് വേ സോഷ്യൽ ലൈഫ് വെൽനസ് പ്രോഗ്രാം

### III. അടിസ്ഥാന സൌകര്യ വികസന പദ്ധതികൾ

1.നിർധനരായ ന്യൂനപക്ഷ മതവിഭാഗത്തിലെ വിധവകൾക്കുള്ള ഭവന പുനരുദ്ധാരണ പദ്ധതി.

2.ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ളവിതരണ പദ്ധതി.

അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ

അനുബന്ധം -2

## അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

### 1) നിർധനരായ ന്യൂനപക്ഷ മതവിഭാഗത്തിലെ വിധവകൾക്കുള്ള ഭവന പുനരുദ്ധാരണ പദ്ധതി.

- വിധവകളും വിവാഹബന്ധം വേർപ്പെടുത്തിയവരും, ഉപേക്ഷിക്കപ്പെട്ടവരുമായ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ടവർക്ക് ഭവന പുനരുദ്ധാരണത്തിന് ധനസഹായം നൽകുന്ന പദ്ധതി.
- ഒരു പുനരുദ്ധാരണ വീടിന് 50,000/ രൂപ വീതമാണ് ധനസഹായമായി നൽകുന്നത്. ഇത് തിരിച്ചടക്കേണ്ടതില്ല.
- അപേക്ഷക കുടുംബത്തിലെ ഏക വരുമാന ദായകയായിരിക്കണം.
- ബി.പി.എൽ കുടുംബങ്ങൾ,വിധവകളോ അവരുടെ മക്കളോ ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർ,പെൺകുട്ടി/പെൺകുട്ടികൾ മാത്രമുള്ള വിധവകൾ എന്നിവർക്ക് മുൻഗണന നൽകും

### അപേക്ഷയോടൊപ്പം സ്വയം സാക്ഷ്യപ്പെടുത്തി നിർബന്ധമായും സമർപ്പിക്കേണ്ട രേഖകൾ

- **റേഷൻ കാർഡിന്റെ പകർപ്പ്**
- **2022-23 സാമ്പത്തിക വർഷത്തിൽ സ്വന്തം പേരിലുള്ള വസ്തുവിന്റെ കരം ഒടുക്കിയ രസീതിന്റെ പകർപ്പ്**
- **തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ച സ്ഥിരി താമസ സർട്ടിഫിക്കറ്റ്**
- **വിധവയാണെങ്കിൽ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റിന്റെ പകർപ്പ്**
- **വിവാഹ മോചിത/ഉപേക്ഷിക്കപ്പെട്ടവരാണെങ്കിൽ ആയത് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ്**
- വീട് റിപ്പയർ ചെയ്യേണ്ടതിനും, വീടിന്റെ വിസ്തീർണ്ണം 1200 സ്ക്വ.ഫീറ്റിൽ കുറവാണ് എന്ന് സാക്ഷ്യപ്പെടുത്തുന്നതിന്, വില്ലേജ് ആഫീസർ/തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അസിസ്റ്റന്റ് എഞ്ചിനീയർ /ബന്ധപ്പെട്ട അധികാരികൾ എന്നിവരിൽ ആരുടെയെങ്കിലും സാക്ഷ്യപത്രം
- മറ്റു വകുപ്പികളിൽ നിന്നോ, സമാന ഏജൻസികളിൽ നിന്നോ അപേക്ഷകയ്ക്ക് ഭവന പുനരുദ്ധാരണത്തിനും 10 വർഷത്തിനുള്ളിൽ ഭവന നിർമ്മാണത്തിനും ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജ് എക്സ്റ്റഷൻ ആഫീസർ/ പഞ്ചായത്ത് സെക്രട്ടറി/ ബന്ധപ്പെട്ട മറ്റു ഉദ്യോഗസ്ഥർ എന്നിവരിൽ ആരുടെയെങ്കിലും പക്കൽ നിന്നുള്ള സർട്ടിഫിക്കറ്റ്.
- അപേക്ഷകയ്ക്കോ/അവരുടെ മക്കൾക്കോ മാനസിക-ശാരീരിക വെല്ലുവിളികൾ/ക്യാൻസർ/കിഡ്നി പ്രശ്നം/ഹൃദ്രോഗം/കരൾ സംബന്ധമായ അസുഖം/തളർവാതം മറ്റു മാരക അസുഖങ്ങൾ ഉണ്ടെങ്കിൽ ആയത് തെളിയിക്കുന്ന രേഖകളുടെ പകർപ്പ്.
- റേഷൻ കാർഡിലെ പേരും, അപേക്ഷയിലെ പേരും തമ്മിൽ വ്യത്യാസമുണ്ടെങ്കിൽ രണ്ടും ഒന്നാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്

## 2) ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ളവിതരണ പദ്ധതി

- ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ള ദൗർലഭ്യം അനുഭവിക്കുന്ന പ്രദേശങ്ങളിൽ ജല ലഭ്യത ഉറപ്പ് വരുത്തുന്നതിനായി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്.
- കേരള വാട്ടർ അതോറിറ്റിക്കാണ് ടി പദ്ധതിയുടെ നിർവ്വഹണ ചുമതല.
- കേരള വാട്ടർ അതോറിറ്റി അധികാരിയുടെ മേലൊപ്പോടുകൂടിയ PRICE SOFTWARE -ൽ തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് സഹിതമാണ് പദ്ധതി നിർദ്ദേശമായി സമർപ്പിക്കേണ്ടത്.
- ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങൾ എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സർട്ടിഫിക്കറ്റ് ഉണ്ടാകണം.
- പദ്ധതി പൂർത്തിയായാൽ ഏറ്റെടുത്ത് പരിപാലിച്ചുകൊള്ളാമെന്നുള്ള ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സമ്മതപത്രവും സമർപ്പിക്കണം.

## 3) പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം -കേന്ദ്രാവിഷ്കൃത പദ്ധതി

പ്രസ്തുത പദ്ധതിക്ക് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് ജില്ലാതല സമിതിയുടെയും ബന്ധപ്പെട്ട വകുപ്പിന്റെയും അംഗീകാരത്തോടെ സമർപ്പിക്കണം.

**അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ**